<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം.</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u>

<u>ചോദ്യം : 5092</u> 02-07-2013-ൽ മറുപടിക്ക്

**വൈദ്യുതി ചാർജ്ജ് കുടിശ്ശിക**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ സഞ്ചിത നഷ്ടം 2013 മെയ് മാസം 31-ാം തീയതിയിലെ കണക്ക് പ്രകാരം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. വൈദ്യുതി ബോർഡ് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 1948 അനുസരിച്ച് ക്യാപ്പിറ്റൽ ബേസിന്റെ 3% ലാഭം കണക്കാക്കാറുണ്ടായിരുന്നു. 2006-07 സാമ്പത്തിക വർഷം മുതൽ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുശാസിച്ച പ്രകാരം ഇക്വിറ്റിയുടെ നിശ്ചിത ശതമാനം ലാഭം കാണിക്കാറുണ്ട്. ടി ലാഭം കാണിക്കേണ്ടതിൽ കുറവ് വരുന്ന തുക സബ്സിഡി/റെഗുലേറ്ററി ഗ്യാപ്പായി വരവ് വച്ചാണ് ബോർഡ് കണക്കുകൾ തയ്യാറാക്കുന്നത്. ഇതു പ്രകാരം ബോർഡിന്റെ 2011-12 സാമ്പത്തിക വർഷം വരെയുള്ള സബ്സിഡി തുകയും റെഗുലേറ്ററി അസറ്റുമായി സഞ്ചിതലാഭം തട്ടിക്കിഴിച്ചാൽ ടി വർഷം വരെയുള്ള സഞ്ചിത നഷ്ടം 4562.62 കോടി രൂപയാണ്. |
| (ബി) 2013 മെയ് മാസം 31-ാം തീയതിയിലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ട് ; എത്ര പിരിഞ്ഞുകിട്ടി,ഇനി ബാക്കി എത്ര; | (ബി) 2013 മാർച്ച് 31- ാം തീയതിയിലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ് കടിശ്ശികയിനത്തിൽ 1383 കോടി രൂപാ പിരിഞ്ഞു കിട്ടാനുണ്ട്. 2013 മെയ് 31 |

വരെയുള്ള കണക്കുകൾ ശേഖരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | കുടിശ്ശിക തുക അടയ്ക്കുന്നതിന് സർക്കാർ എത്ര പേർക്ക് സ്റ്റേ നൽകിയിട്ടുണ്ട്; സ്വകാര്യ വ്യക്തികൾ /സ്ഥാപനങ്ങൾ എത്ര കുടിശ്ശിക അടക്കാനുണ്ട് ;വിശദാംശം ലഭ്യമാക്കുമോ ? | സി) | സർക്കാർ സ്റ്റേ നൽകിയിട്ടില്ല. സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എച്ച്.റ്റി., എൽ.റ്റി. വിഭാഗത്തിലായി 601.23 കോടി രൂപാ (എച്ച്.റ്റി. വിഭാഗത്തിൽ 481.68 കോടി രൂപയും, എൽ.റ്റി. വിഭാഗത്തിൽ 119.55 കോടി രൂപയും) 31.03.2013 വരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. എച്ച്.റ്റി. വിഭാഗത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (1)ലും, എൽ.റ്റി. വിഭാഗത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ സർക്കിൾ തിരിച്ചുള്ള കുടിശ്ശിക തുക അനുബന്ധം (2)ലും ഉൾപ്പെടുത്തിയിരിക്കുന്നു.. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്